(ഇ) നിർദ്ധന രോഗികൾക്ക് ചികിത്സാ സഹായം നൽകുന്നതിന് രണ്ട് സംവിധാനങ്ങൾ നിലവിലുണ്ട്. ആരോഗ്യമന്ത്രിയുടെ ക്ഷേമനിധിയിൽനിന്നും വില്ലേജ് ഓഫീസർ നൽകുന്ന വരുമാനസർട്ടിഫിക്കറ്റ്, ഡോക്ടർ നൽകുന്ന ചികിത്സാ സർട്ടിഫിക്കറ്റ്, മറ്റ് ചികിത്സാ സഹായം ലഭിച്ചിട്ടില്ലെന്ന സർട്ടിഫിക്കറ്റ് എന്നിവ സഹിതം ലഭിക്കുന്ന അപേക്ഷകളിൽനിന്നും അർഹമായ അപേക്ഷകരെ തിരഞ്ഞെടുത്ത് ധനസഹായം നൽകിവരുന്നു. മാരകരോഗങ്ങളുടെ ചികിത്സയ്ക്കു മാത്രമാണ് സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവറിൽനിന്ന് ധനസഹായം അനുവദിക്കുന്നത്. നിർദ്ദിഷ്ട ഫോറത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഹൃദയ മസ്തിഷ്ക ശസ്ത്രക്രിയകൾ, വൃക്കകൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, ക്യാൻസർ (ശസ്ത്രക്രിയ, കീമോതെറാപ്പി, റേഡിയേഷൻ) മറ്റ് ചില സുപ്രധാന അസ്ഥി ശസ്ത്രക്രിയകൾ എന്നിവയ്ക്കാണ് ഇതിൽനിന്നും ധനസഹായം അനുവദിക്കുന്നത്. പരമാവധി 20,000 രൂപ വരെ ധനസഹായം ലഭ്യമാക്കിവരുന്നു

കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പേ വാർഡുകൾ കാര്യക്ഷമമാക്കാൻ നടപടി

*14 [522] ശ്രീ. റോഷി അഗസ്റ്റിൻ:

„ തോമസ് ചാഴികാടൻ:

„ കെ. നാരായണകുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പേ വാർഡുകൾ യഥാസമയം അറ്റകുറ്റ പണികൾ നടത്താത്തതുമൂലം ഉപയോഗയോഗ്യമല്ലാതായിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ന് ഇപ്പോൾ എത്ര കോടി രൂപയുടെ നഷ്ടം ഉള്ളതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്;

(സി) ആയത് സംഭവിക്കാനിടയായ കാരണങ്ങൾ എന്തൊക്കെയാണെന്ന് ആരാഞ്ഞിട്ടുണ്ടോ;

(ഡി) സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും കെട്ടിടങ്ങളിൽ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):

(എ) കേരളത്തിലെ വിവിധ ആശുപത്രികളിൽ കെ. എച്ച്. ആർ. ഡബ്ല്യു. എസ്-ന്റെ 2025 പേ വാർഡുകൾ നിലവിലുണ്ട്. ഇവയിൽ 42 എണ്ണം അറ്റകുറ്റ പണികൾ നടത്താത്തതുമൂലം അടഞ്ഞുകിടക്കുന്നുണ്ട്. കൂടാതെ 66 പേ വാർഡു മുറികൾ അറ്റകുറ്റപണികൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ലോണും മറ്റ് കുടിശ്ശികയിനത്തിലും പത്തര കോടി രൂപയുടെ ബാദ്ധ്യത ഇപ്പോഴുണ്ട്.

(സി) ഈ ബാദ്ധ്യതകൾ ഉണ്ടാകാൻ കാരണം താഴെ പറയുന്നവയാണ്:

തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് കാത്ത് ലാബുകളും മറ്റ് രോഗ നിർണ്ണയോപകരണങ്ങളും ഗവൺമെന്റ് നിർദ്ദേശ പ്രകാരം സ്ഥാപിച്ച് പ്രവർത്തിപ്പിക്കുക വഴി മേൽപ്പടി യൂണിറ്റുകൾക്കുവേണ്ടി വാങ്ങിയ ഭാരിച്ച ലോണുകൾ മേൽപ്പടി സ്ഥാപനങ്ങളിൽനിന്നുള്ള വരുമാനക്കുറവ് കാരണം കൃത്യമായി അടച്ചുതീർക്കുവാൻ സാധിച്ചിട്ടില്ല. പലിശയും പിഴപലിശയും ചേർത്ത് അടയ്ക്കേണ്ടിവന്നതിനാൽ വലിയ ബാദ്ധ്യതയാണുണ്ടായിരിക്കുന്നത്. ലോണുകളിൽ കുടിശ്ശികയായി നാലരക്കോടി രൂപയും വൈദ്യുതചാർജ്ജ് മുടങ്ങിയതുവഴി രണ്ടര കോടി രൂപയും, വെള്ളക്കരം കുടിശ്ശികവഴി ഒന്നര കോടി രൂപയും കരാറുകാർക്ക് കുടിശ്ശികയായി രണ്ടുകോടി രൂപയും ഇപ്പോൾ കൊടുത്തു തീർക്കുവാനുണ്ട്. പേ വാർഡുകളിൽനിന്നുള്ള വരുമാനത്തിന്റെ നല്ലൊരു ഭാഗം മേപ്പടി കടബാദ്ധ്യതകൾ അടയ്ക്കുന്നതിനുവേണ്ടി ഉപയോഗിക്കയാൽ പേ വാർഡിന്റെ അറ്റകുറ്റപ്പണികൾ കൃത്യമായി സമയാസമയങ്ങളിൽ ചെയ്തു തീർക്കുവാൻ സാധിച്ചിട്ടില്ല.

(ഡി) ഇപ്പോൾ സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും, പേ വാർഡുകൾ സമയാസമയങ്ങളിൽ അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തന യോഗ്യമാക്കി രോഗികൾക്കായി തുറന്നുകൊടുക്കുന്നതിനും കർശനമായ ചെലവ് നിയന്ത്രണവും മെച്ചപ്പെട്ട പ്രവർത്തനവും ഉറപ്പുവരുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഗ്രാമസഭ കൂടുന്നതിനുള്ള നോട്ടീസ് യഥാസമയം അംഗങ്ങൾക്ക് ലഭ്യമാക്കാൻ നടപടി

*15 [523] പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. എം. മുരളി:

,, വി. ഡി. സതീശൻ:

,, എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമസഭകൾ ക്രമമായി കൂടാറുണ്ടോ;

(ബി) ഇക്കാര്യം ഉറപ്പാക്കുന്നത് എപ്രകാരമാണ്;

(സി) ഗ്രാമസഭ കൂടുന്നത് സംബന്ധിച്ച നോട്ടീസ് ബന്ധപ്പെട്ടവർക്ക് നൽകുന്നതിന്റെ രീതി എന്തെന്ന് വിശദീകരിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly